## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3363 19.10.2016-ന് മറുപടിയ്ക്ക്**

### വനമേഖലകൾ സംരക്ഷിയ്ക്കാൻ നടപടികൾ

**ചോദ്യം**

**ശ്രീ. പി.സി. ജോർജ്**

**മറുപടി**

**ശ്രീ. കെ. രാജു**
**ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ വനമേഖലകൾ സംരക്ഷിയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വന സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കൈയ്യേറ്റശ്രമങ്ങൾ/കുറ്റകൃത്യങ്ങൾ തടയുന്നു. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ ആധുനികമായ ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ നൽകി അവരെ സജ്ജരാക്കിയിട്ടുണ്ട്. |
| (ബി) | കേരളത്തിലെ വനാതിർത്തി വേർതിരിക്കുന്ന ഉദ്യമം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ വനാതിർത്തി നിർണ്ണയിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം റെയിഞ്ച്, ഡിവിഷൻ തലങ്ങളിൽ കണ്ടെത്തി ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വെ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഉദ്യോഗസ്ഥർക്ക് സർവ്വെ പരിശീലനം നൽകിയിട്ടുണ്ട്.. |
| (സി) | കേരളത്തിന്റെ വനാതിർത്തി എത്ര കിലോമീറ്റർ ഉണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ; | (സി) | കേരളത്തിന്റെ വനാതിർത്തി ഏകദേശം 16585 കി.മീ. ആണ്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ വനമേഖലകളിൽ എവിടെയൊക്കെ വനസംരക്ഷണത്തിനും വന്യജീവികളുടെ സംരക്ഷണത്തിനുമായി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്;വിശദമാക്കുമോ; | (ഡി) | വന്യജീവി സങ്കേതങ്ങളിലും സമീപ പ്രദേശങ്ങളിലും അത്യാവശ്യ ഘട്ടങ്ങളിൽ ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തി വരുന്നു. കൂടാതെ ടൈഗർ മോണിറ്ററിംഗിനായും ക്യാമറട്രാപ് ഉപയോഗിച്ചു വരുന്നു. |
| (ഇ) | എല്ലാ വനമേഖലകളിലും കൂടുതൽ ക്യാമറകൾ വച്ച് വനത്തേയും വന്യജീവികളേയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | വന്യജീവി നിരീക്ഷണത്തിനായി ഈ സാമ്പത്തിക വർഷം 850 ക്യാമറാ ട്രാപ്പുകൾ വാങ്ങുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**